**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ അമൽ ദേവ് ഡി (**DrAmal Dev D, PEN 823895**), അസിസ്റ്റന്റ് സർജൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.** എ1-**7984/2018**/ജിമെആ പത്തനംതിട്ട തീയതി **12.05.2018**

**2.** കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- **16550/2018**/ആവഡ തീയതി **7/2018**

**3.** കത്ത് നം ഇഎ4- **16550/2018**/ആവഡ തീയതി **03.12.2018**

**4.**ഡോ അമൽ ദേവ് സമർപ്പിച്ച അപേക്ഷ തീയതി **05.01.2019**

**5.** കാരണം കാണിക്കൽ നോട്ടീസ് **DHS/10000/2025-EA4** തീയതി **14.08.2025**

**6.** ഡോ അമൽ ദേവ് ഡി (**DrAmal Dev D**)സമർപ്പിച്ച അപേക്ഷ തീയതി **26.08.2025**

**7.** സർക്കുലർ നം എ3/**570/2018**/ആകുവ തീയതി **29.12.2018**

**8.** സർക്കുലർ നം എ3/**570/2018**/ആകുവ തീയതി **22.11.2019**

**9.** എം2/**268/2024**/ഹെൽത്ത് തീയതി **27.05.2024**

**10.** എ2/**411/2024**/ഹെൽത്ത് തീയതി **23.12.2024**

**ഉത്തരവ് നം. DHS/10000(2)/2025-EA4 തീയതി.01-01-2026**

ഡോ അമൽ ദേവ് ഡി (**Dr Amal Dev D**), **16.12.2017** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ / അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ **04.04.2018** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക്

ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പരാമർശം (3) പ്രകാരം ഉപരിപഠനത്തിനായി ശൂന്യവേതനാവധി അപേക്ഷയും അനുബന്ധരേഖകളും ഉചിത മാർഗ്ഗേന ഹാജരാക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകി. കോഴ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കുകയും അസ്സൽ അവധി അപേക്ഷയും അനുബന്ധരേഖകളും ഉചിതമാർഗ്ഗേന സമർപ്പിക്കുന്നതാണെന്നും ടിയാൾ പരാമർശം (4) പ്രകാരം അറിയിച്ചു. ഡോ അമൽദേവ് ഡി അനധികൃത ഹാജരില്ലായ്മ തുടർന്നതിനാൽ പരാമർശം (5) പ്രകാരം ടിയാൾക്ക് വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകി. ഡോ അമൽ ദേവ് ഡി (Dr Amal Dev D) പരാമർശം (6) പ്രകാരം മറുപടി സമർപ്പിച്ചു. ആരോഗ്യവകുപ്പിലെ സേവനത്തിൽ നിന്നും രാജി വയ്ക്കുന്നതായും രാജി അപേക്ഷ സ്വീകരിച്ച് വിടുതൽ ഉത്തരവ് നൽകണമെന്നും അപേക്ഷയിൽ പരാമർശിച്ചിരിക്കുന്നു.

(2). ഡോ അമൽ ദേവ് ഡി (DrAmal Dev D) സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. വ്യക്തിപരമായ കാരണങ്ങളാലാണ് ടിയാൾ സേവനത്തിൽ നിന്നും വിട്ടു നിന്നതെന്ന് കാണുന്നു. അവധി അനുവദിച്ച് ഉത്തരവാകാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നത് ടിയാളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിന്റെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് നൽകിയപ്പോഴാണ് സേവനത്തിൽ നിന്നും രാജി വയ്ക്കുന്നതിന് അപേക്ഷ സമർപ്പിച്ചത് ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ പരാമർശം (6) പ്രകാരം ഡോ അമൽ ദേവ് ഡി (DrAmal Dev D) സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 04.04.2018 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ അമൽ ദേവ് ഡി (Dr Amal Dev D) അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ്

റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ അമൽ ദേവ് ഡി **(DrAmal Dev D)** കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ / അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 01-01-2026 10:24:46

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Amal Dev D,**

**Karimpanmavil House (Theveril House),**

**Parumala P O, Pathanamthitta.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
പത്തനംതിട്ട
3. സൂപ്രണ്ട്,
ജനറൽ ആശുപത്രി പത്തനംതിട്ട.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ